## പതിനാലാം കേരള നിയമസഭ
### ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.484** **24.01.2018-ൽ മറുപടിയ്ക്ക്**

**ജി .എസ്. റ്റി . നടപ്പിലാക്കിയത്**

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി .എസ്. റ്റി നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ എന്ത് മാറ്റമാണ് ഉണ്ടായതെന്ന് വിശദമാക്കുമോ; | (എ) | ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി ഫണ്ട് സെറ്റിൽമെന്റിനെ സാരമായി ബാധിച്ചിട്ടുള്ളതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ ഇതു സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18 കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി വരുമാനവും ആ മാസം ലഭിച്ച എൽ എൻ ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ഇതിന് കാലവിളംബം ഉണ്ടായിട്ടില്ല. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | ജി .എസ്. റ്റി .നികുതി സമ്പ്രദായം വഴി റിട്ടേൺ സമർപ്പിക്കുന്നതിന് വ്യാപാരികളെ സഹായിക്കുന്ന തിനായി എന്തെങ്കിലും സംവിധാന ങ്ങൾ ഏർപ്പെടുത്തിയി ട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | ജി.എസ്.ടി നികുതി സമ്പ്രദായം വഴി റിട്ടേൺ സമർപ്പിക്കുന്നതിന് വ്യാപാരികളെ സഹായിക്കുന്ന തിനായി കേരളമൊട്ടാകെ എല്ലാ ജില്ലകളിലും ചരക്കു സേവന നികുതി വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഹെൽപ് ഡെസ്കുകൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ